**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 249** | **03-08-2021 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളിലെ പരീക്ഷാഫലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പരീക്ഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോവിഡ് 19 പശ്ചാത്തലത്തിൽ രാജ്യവ്യാപകമായി/ സംസ്ഥാന വ്യാപകമായി ഏർപ്പെടുത്തിയ ലോക്ക് ഡൗൺ കാരണം അക്കാഡമിക് കലണ്ടർ പ്രകാരം നടക്കേണ്ട പരീക്ഷകൾ വൈകി നടത്തേണ്ടി വന്നതിനാൽ പ്രസ്തുത പരീക്ഷകളുടെ ഫലവും സ്വാഭാവികമായി വൈകിയാണ് പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടുള്ളത്. പരീക്ഷ നടന്നതിന് ശേഷവും ട്രിപ്പിൾ ലോക്ക്ഡൗൺ/ പ്രാദേശികമായ നിയന്ത്രണങ്ങൾ എന്നിവ ചില പരീക്ഷകളുടെ സമയ ബന്ധിതമായ ഫലപ്രഖ്യാപനത്തെ ബാധിക്കുകയു ണ്ടായി. എല്ലാ സർവ്വകലാശാലകളും സമയബന്ധിതമായി ഫലപ്രഖ്യാപനം നടത്തുന്നതിനായി ശക്തമായ പ്രവർത്തനം നടത്തിവരികയാണ്. |
| (ബി) | എങ്കിൽ കോവിഡ് കാലത്തുപോലും പരീക്ഷ സമയബന്ധിതമായി പൂർത്തിയാക്കാൻ നിഷ്കർഷിക്കുന്ന സർവ്വകലാശാലകൾ പരീക്ഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | കോവിഡ് 19 പശ്ചാത്തലത്തിൽ രാജ്യവ്യാപകമായി/ സംസ്ഥാന വ്യാപകമായി ഏർപ്പെടുത്തിയ ലോക്ക് ഡൗൺ കാരണം അക്കാഡമിക് കലണ്ടർ പ്രകാരം നടക്കേണ്ട പരീക്ഷകൾ വൈകി നടത്തേണ്ടി വന്നതിനാൽ പ്രസ്തുത പരീക്ഷകളുടെ ഫലവും സ്വാഭാവികമായി വൈകിയാണ് പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടുള്ളത്. പരീക്ഷ നടന്നതിന് ശേഷവും ട്രിപ്പിൾ ലോക്ക്ഡൗൺ/ പ്രാദേശികമായ നിയന്ത്രണങ്ങൾ എന്നിവ ചില പരീക്ഷകളുടെ സമയ ബന്ധിതമായ ഫലപ്രഖ്യാപനത്തെ ബാധിക്കുകയു ണ്ടായി. എല്ലാ സർവ്വകലാശാലകളും സമയബന്ധിതമായി ഫലപ്രഖ്യാപനം നടത്തുന്നതിനായി ശക്തമായ പ്രവർത്തനം നടത്തിവരികയാണ്. |
| (സി) | പരീക്ഷ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയിൽ എല്ലാ സർവ്വകലാശാലകളിലും | (സി) | സംസ്ഥാനത്തെ സർവകലാശാല കളെല്ലാം തന്നെ, അക്കാദമിക വർഷത്തിന്റെ ആരംഭത്തിൽ ബിരുദ |

| | | | |
|---|---|---|---|
| | ഏകീകൃത സ്വഭാവം വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | | ബിരുദാനന്തര പ്രോഗ്രാമുകൾക്കായുള്ള അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ച് വരുന്നു. സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതോടുകൂടി 90 ദിവസം ഉള്ള ഓരോ സെമസ്റ്റർ അക്കാദമിക കലണ്ടറും സർവകലാശാല പ്രസിദ്ധീകരിച്ച് കോളേജുകൾക്ക് നൽകാറുണ്ട്. അക്കാദമിക കലണ്ടറിൽ പ്രോഗ്രാമുകളുടെ ആരംഭം, അഡ്മിഷൻ പൂർത്തിയാക്കൽ, ഇൻറേണൽ പരീക്ഷകൾ, End സെമസ്റ്റർ പരീക്ഷകൾ എന്നിവയുടെ കൃത്യമായ ദിവസങ്ങൾ നിശ്ചയിച്ച് നൽകിവരുന്നു. ഇത് സർവകലാശാല വെബ്സൈറ്റ് - ൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സർവകലാശാലയിലെ മുഴുവൻ പരീക്ഷകളുടേയും കലണ്ടറുകൾ സർവകലാശാലകൾ പ്രസിദ്ധീകരിക്കാ റുണ്ട്. ഇതിനായി അദ്ധ്യാപക സംഘടന കൾ, വിദ്യാർത്ഥി സംഘടനകൾ, നോൺടീച്ചിംഗ് സ്റ്റാഫ് എന്നിവരുടെ സംഘടനാ പ്രതിനിധികളുമായി വിപുലമായ ചർച്ചകൾ സർവകലാശാല കൾ നടത്തി വരുന്നു. പരീക്ഷാ കലണ്ടർ വാർഷികാടിസ്ഥാനത്തിലും അക്കാദമിക കലണ്ടർ അക്കാദമിക വർഷാടിസ്ഥാന ത്തിലുമാണ് തയ്യാറാക്കുന്നത്. വിവിധ പരീക്ഷകൾ നോട്ടിഫൈ ചെയ്യുന്നതും പരീക്ഷകൾ നടത്തുന്നതും അവസാന ഫലം പ്രസിദ്ധീകരിക്കുന്നതും സംബന്ധിച്ചുള്ള തീയതികൾ പരീക്ഷാകലണ്ടറിൽ ഉൾപ്പെടുത്തി വരുന്നു. പരീക്ഷകളുടെ നടത്തിപ്പിനും കരിക്കുലം പരിഷ്കാരത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനും വിവിധ സർവകലാശാലകളുടെ പ്രൊ-വൈസ് ചാൻസലർമാരടങ്ങിയ ഒരു സമിതി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. |
| (ഡി) | സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാകലണ്ടറും തയ്യാറാക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ? | (ഡി) | സംസ്ഥാനത്തെ സർവകലാശാല കളെല്ലാം തന്നെ, അക്കാദമിക വർഷത്തിന്റെ ആരംഭത്തിൽ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾക്കായുള്ള അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ച് വരുന്നു. സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതോടുകൂടി 90 ദിവസം ഉള്ള ഓരോ സെമസ്റ്റർ അക്കാദമിക കലണ്ടറും സർവകലാശാല പ്രസിദ്ധീകരിച്ച് കോളേജുകൾക്ക് നൽകാറുണ്ട്. അക്കാദമിക കലണ്ടറിൽ പ്രോഗ്രാമുകളുടെ ആരംഭം, അഡ്മിഷൻ പൂർത്തിയാക്കൽ, ഇൻറേണൽ പരീക്ഷകൾ, End സെമസ്റ്റർ പരീക്ഷകൾ എന്നിവയുടെ കൃത്യമായ ദിവസങ്ങൾ നിശ്ചയിച്ച് നൽകിവരുന്നു. ഇത് സർവകലാശാല വെബ്സൈറ്റ് - ൽ പ്രസിദ്ധീകരിക്കുന്നുണ്ട്. സർവകലാശാലയിലെ മുഴുവൻ പരീക്ഷകളുടേയും കലണ്ടറുകൾ |

| | | | |
|---|---|---|---|
| | | | സർവകലാശാലകൾ പ്രസിദ്ധീകരിക്കാ റുണ്ട്. ഇതിനായി അദ്ധ്യാപക സംഘടന കൾ, വിദ്യാർത്ഥി സംഘടനകൾ, നോൺടീച്ചിംഗ് സ്റ്റാഫ് എന്നിവരുടെ സംഘടനാ പ്രതിനിധികളുമായി വിപുലമായ ചർച്ചകൾ സർവകലാശാല കൾ നടത്തി വരുന്നു. പരീക്ഷാ കലണ്ടർ വാർഷികാടിസ്ഥാനത്തിലും അക്കാദമിക കലണ്ടർ അക്കാദമിക വർഷാടിസ്ഥാന ത്തിലുമാണ് തയ്യാറാക്കുന്നത്. വിവിധ പരീക്ഷകൾ നോട്ടിഫൈ ചെയ്യുന്നതും പരീക്ഷകൾ നടത്തുന്നതും അവസാന ഫലം പ്രസിദ്ധീകരിക്കുന്നതും സംബന്ധിച്ചുള്ള തീയതികൾ പരീക്ഷാകലണ്ടറിൽ ഉൾപ്പെടുത്തി വരുന്നു. പരീക്ഷകളുടെ നടത്തിപ്പിനും കരിക്കുലം പരിഷ്കാരത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനും വിവിധ സർവകലാശാലകളുടെ പ്രൊ-വൈസ് ചാൻസലർമാരടങ്ങിയ ഒരു സമിതി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**കാലിക്കറ്റ് സർവകലാശാല**
**AD.-K**

നമ്പർ. 219023/AD-K-ASST-4/2015/Admn
കാലിക്കറ്റ് സർവകലാശാല .പി.ഓ
തീയതി: 28.07.2021

പ്രേഷകൻ
രജിസ്ട്രാർ

സ്വീകർത്താവ്
പ്രിൻസിപ്പൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ (പി) വകുപ്പ്
ഗവഃ സെക്രട്ടേറിയേറ്റ്
തിരുവനന്തപുരം.

സർ/മേഡം,

വിഷയം:- പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം- നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം.249*(സർവ്വകലാശാലകളിലെ പരീക്ഷാഫലം)ന്റ മറുപടി നൽകുന്നത്- സംബന്ധിച്ച്.

സൂചന:- ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 13.07.2021-ലെ നം.പി.1/171/2021/ഉ.വിവ കത്ത്

മേൽ സൂചന ശ്രദ്ധിച്ചാലും.നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം.249*(സർവ്വകലാശാലകളിലെ പരീക്ഷാഫലം)നുള്ള മറുപടി തയ്യാറാക്കുന്നതിലേക്ക് ഈ സർവ്വകലാശാലയിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

**ചോദ്യം (എ): സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പരീക്ഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?**

**മറുപടി (എ):** കോവിഡ് 19 പശ്ചാത്തലത്തിൽ രാജ്യവ്യാപകമായി/ സംസ്ഥാന വ്യാപകമായി ഏർപ്പെടുത്തിയ ലോക്ക് ഡൌൺ കാരണം അക്കാദമിക് കലണ്ടർ പ്രകാരം നടക്കേണ്ട പരീക്ഷകൾ വളരെ വൈകി നടത്തേണ്ടി വന്നതിനാൽ പ്രസ്തുത പരീക്ഷകളുടെ ഫലവും സ്വാഭാവികമായി വൈകിയാണ് പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടുള്ളത്. പരീക്ഷ നടന്നതിന് ശേഷവും ട്രിപ്പിൾ ലോക്ക് ഡൌൺ/ പ്രാദേശികമായ നിയന്ത്രണങ്ങൾ എന്നിവ ചില പരീക്ഷകളുടെ സമയ ബന്ധിതമായ ഫലപ്രഖ്യാപനത്തെ ബാധിക്കുകയുണ്ടായി.

**ചോദ്യം(ബി): എങ്കിൽ കോവിഡ് കാലത്തുപോലും പരീക്ഷ സമയബന്ധിതമായി പൂർത്തിയാക്കാൻ നിഷ്കർഷിക്കുന്ന സർവ്വകലാശാലകൾ പരീക്ഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?**

**മറുപടി(ബി):** കോവിഡ് 19 പശ്ചാത്തലത്തിൽ രാജ്യവ്യാപകമായി/ സംസ്ഥാന വ്യാപകമായി ഏർപ്പെടുത്തിയ ലോക്ക് ഡൌൺ കാരണം അക്കാദമിക് കലണ്ടർ പ്രകാരം നടക്കേണ്ട പരീക്ഷകൾ വളരെ വൈകി നടത്തേണ്ടി വന്നതിനാൽ പ്രസ്തുത പരീക്ഷകളുടെ ഫലവും സ്വാഭാവികമായി വൈകിയാണ് പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടുള്ളത്. പരീക്ഷ നടന്നതിന് ശേഷവും ട്രിപ്പിൾ ലോക്ക് ഡൌൺ/ പ്രാദേശികമായ നിയന്ത്രണങ്ങൾ എന്നിവ ചില പരീക്ഷകളുടെ സമയ ബന്ധിതമായ ഫലപ്രഖ്യാപനത്തെ ബാധിക്കുകയുണ്ടായി. എന്നിരുന്നാലും പല പരീക്ഷകളുടെയും (പ്രത്യേകിച്ചും

അവസാന വർഷ പരീക്ഷകൾ) ഫലം സമയ ബന്ധിതമായി തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. B.Ed പരീക്ഷാ ഫലം റെക്കോർഡ് വേഗത്തിൽ തന്നെ പ്രസിദ്ധീകരിക്കുകയുണ്ടായി. ലോക്ക് ഡൌൺ പശ്ചാത്തലത്തിൽ/ പ്രാദേശികമായ നിയന്ത്രണങ്ങൾ മൂലം തടസ്സപ്പെട്ട/ ഭാഗികമായിതടസ്സപ്പെട്ട മറ്റു പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

**ചോദ്യം(സി): പരീക്ഷ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയിൽ എല്ലാ സർവ്വകലാശാലകളിലും ഏകീകൃത സ്വഭാവം വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?**

**മറുപടി(സി)**: സർക്കാർ തലത്തിൽ മറുപടി നൽകിയാലും.

**ചോദ്യം(ഡി): സർവ്വകലാശാലകൾക്ക് പൊതു അക്കാദമിക് കലണ്ടറും പരീക്ഷാകലണ്ടറും തയ്യാറാക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ?**

**മറുപടി(ഡി)**: യു.ജി.സി 16/07/2021 ൽ D.O.No.F.1-1/2021(Secy) നമ്പർ പ്രകാരം പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ പാലിച്ചു കൊണ്ട് ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഒന്നാം സെമസ്റ്റർ ക്ലാസുകൾ 2021 ഒക്ടോബർ ഒന്നാം തിയ്യതിക്കകം ആരംഭിക്കുന്ന രീതിയിൽ അക്കാഡമിക് കലണ്ടർ തയാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പ്ലസ് ടു ഫലവും ബിരുദ ഫലവും പ്രസിദ്ധീകരിക്കുന്ന തീയതി കൂടി പരിഗണിച്ച് കൊണ്ടായിരിക്കും 2021 -2022 അധ്യയന വർഷത്തെ അക്കാഡമിക് കലണ്ടർ തയ്യാറാക്കുക എന്നും ഇതിനാൽ അറിയിക്കുന്നു.

വിശ്വസ്തതയോടെ

**ഡോ. സതീഷ്.ഇ.കെ.**
രജിസ്ട്രാർ